**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2241** **12-12-2022 - ൽ മറുപടിയ്ക്ക്**

**ഫോറൻസിക് ലാബ് പരിശോധനയുടെ റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൂത്താട്ടുകുളം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1146/21 US 427, 436 IPC(ഐ.പി.സി.) യായി രജിസ്റ്റർ ചെയ്തിട്ടുള്ള കേസിന്റെ ഫോറൻസിക് ലാബ് പരിശോധന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | **കൂത്താട്ടുകുളം പോലീസ് സ്റ്റേഷനിൽ ക്രൈം 1146/21 US 427, 436 IPC നമ്പർ കേസിൽ ബഹു. കോടതി മുഖാന്തരം ഫോറൻസിക് ലാബിലേക്ക് പരിശോധനയ്ക്കായി നൽകിയിട്ടുള്ള മെറ്റീരിയൽ ഒബ്ജക്ട്സ് (Mos) -ന്റെ പരിശോധനാ ഫലം തയ്യാറായിട്ടുള്ളതായി ഫോറൻസിക് ലാബിൽ നിന്നും ഇ-മെയിൽ മുഖാന്തരം അറിയിപ്പ് ലഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ബഹു. കോടതിയിൽ നിന്നുള്ള ഉത്തരവ് ലഭിക്കുന്നമുറയ്ക്ക് പരിശോധനാ ഫലത്തിന്റെ റിപ്പോർട്ട് കൈപ്പറ്റുന്നതാണ്.** |
| (ബി) | പ്രസ്തുത കേസിന്മേലുള്ള പോലീസിന്റെ ഊർജ്ജിതവും ശാസ്ത്രീയവുമായ അന്വേഷണത്തിന്റെ നിലവിലെ പുരോഗതി അറിയിക്കാമോ; | (ബി) | ഈ കേസിലെ പ്രതികളെ കണ്ടെത്തുന്നതിന് സയന്റിഫിക് എക്സ്പെർട്ട്, ഫിംഗർപ്രിന്റ് എക്സ്പെർട്ട് എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തിയും സമീപ സ്ഥലങ്ങളിലെ സി.സി.ടി.വി ക്യാമറകൾ പരിശോധിച്ചും ഊർജിതവും ശാസ്ത്രീയവുമായ അന്വേഷണം നടത്തി വരുന്നു. |
| (സി) | കുറ്റകൃത്യം നടന്ന് ഒരു വർഷമായിട്ടും പ്രതികളെ പിടിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ; | (സി) | കൃത്യ സ്ഥലത്തിന് സമീപത്തും മറ്റുമുള്ള ആളുകളുടെ മൊഴി രേഖപ്പെടുത്തിയതിൽ നിന്നും സമീപ പ്രദേശത്തെ സി.സി.ടി.വി ക്യാമറ ദൃശ്യങ്ങൾ പരിശോധിച്ചും നടത്തിയ അന്വേഷണത്തിൽ പ്രതികളെ തിരിച്ചറിയുന്നതിനുള്ള സൂചനകളൊന്നും ലഭിക്കുകയുണ്ടായില്ല. ബഹു. കോടതിയിൽ നിന്നുള്ള ഉത്തരവ് ലഭിക്കുന്ന പക്ഷം ഫോറൻസിക് ലാബിൽ തയ്യാറായിട്ടുള്ള മെറ്റീരിയൽ ഒബ്ജക്ട്സ് (Mos) -ന്റെ പരിശോധനാ ഫലം കൈപ്പറ്റുന്നതും, ആയത് വിശകലനം ചെയ്തതിനു ശേഷം പ്രതികളെ എത്രയും വേഗം കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ്. |
| (ഡി) | പ്രസ്തുത കേസിന്മേൽ പ്രതികളെ അടിയന്തരമായി കണ്ടെത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ഡി) | ഉത്തരം (സി) യിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ